1443 –ാമത്

# ആറാട്ടുപുഴ പൂരം

2025
ഏപ്രിൽ
൯
ബുധനാഴ്ച



ARATTUPUZHA POORAM 2025



# ആറാട്ടുപുഴ ശ്രീശാസ്താ ക്ഷേത്രം

(കൊച്ചിൻ ദേവസ്വം ബോർഡ്)



ആയിരത്തി നാനൂറ്റി നാല്പത്തി മൂന്നാമത് ആറാട്ടുപുഴ പൂരം ഏപ്രിൽ 3ന് ആഘോഷിക്കാനുള്ള തയ്യാറെടുപ്പുകൾ തുടങ്ങി കഴിഞ്ഞു. പതിവിൻപടി ആചാരങ്ങളും അനുഷ്ഠാനങ്ങളും ആഘോഷങ്ങളും ഈ വർഷത്തെ പൂരത്തിനും ഉറപ്പുവരുത്താൻ ആറാട്ടുപുഴ ഉൾപ്പെടെയുള്ള ദേശക്കാർ ചിങ്ങമാസം മുതൽ തന്നെ കഠിന പ്രയത്നത്തിലാണ്.

ആറാട്ടുപുഴ പൂരം ഒരു ക്ഷേത്രത്തിൽ തന്നെ ഒതുങ്ങി നിൽക്കുന്ന ആഘോഷമല്ല. അശ്വതി പുറപ്പാട് മുതൽ അത്തം കൊടികുത്ത് വരെയുള്ള പതിമൂന്ന് ദിവസങ്ങളിൽ 24 ക്ഷേത്രങ്ങളിലും നടക്കുന്ന ചടങ്ങുകളും ആഘോഷ പരമ്പരകളും ഉൾപ്പെട്ടതാണ് ഈ പൂരം. പൂരങ്ങളും ഉത്സവങ്ങളുമെല്ലാം ഒരു പ്രത്യേക തരം ലഹരിയാണല്ലോ. എന്നാൽ ഒരു ജില്ല മുഴുവൻ പൂരക്കാലത്തെ വരവേൽക്കുന്നത് കാണണമെങ്കിൽ ആറാട്ടുപുഴ പൂരക്കാലത്ത് മാത്രമെ കഴിയൂ. കേരളത്തിന് പുറത്തും അന്യ ദേശങ്ങളിലുമെല്ലാം താമസിക്കുന്നവരിൽ ഒട്ടു മിക്കവരും ആറാട്ടുപുഴ പൂരത്തിനാണ് നാട്ടിലെത്താറുള്ളത്. ഇവരുടെ ഹൃദയങ്ങളിൽ പൂരം അത്രകണ്ട് അലിഞ്ഞു ചേർന്നിരിക്കുന്നു.

ചേർപ്പ് ഭഗവതി ക്ഷേത്രത്തിൽ 28 ദിവസം മുമ്പ് കൊടിമരം നാട്ടുന്നതോടു കൂടിയാണ് മദ്ധ്യകേരളമാകെ വ്യാപിച്ചു കിട ക്കുന്ന ലോകപ്രശസ്തമായ ദേവ പൂരത്തിന് തുടക്കമാകുന്നത്. ഇതുപ്രകാരം ഈ വർഷം മാർച്ച് 13 ന് കൊടിമരം നാട്ടിയതിന് ശേഷം ദേശത്തെ കാരണവർ ഭക്തരെ സാക്ഷി നിർത്തി ഇന്നേക്ക് ഇരുപത്തിയെട്ടാം ദിവസം ആറാട്ടുപുഴ പൂരം എന്ന് വിളംബരവും ചെയ്യും. പിറ്റേ ദിവസം തിരുവുള്ളക്കാവ് ക്ഷേത്രത്തിൽ കൊടിയേറ്റം. ആറാട്ടുപുഴ ക്ഷേത്രത്തിൽ കൊടിയേറ്റം ഏപ്രിൽ 3നാണ്. തിരുവാതിര വിളക്ക് ഏപ്രിൽ 5ന് വെളുപ്പിനും പെരുവനം പൂരം ഏപ്രിൽ 6നും തറക്കൽ പൂരം ഏപ്രിൽ 8നുമാണ്. ഏപ്രിൽ 9ന് ആറാട്ടുപുഴ പൂരത്തിൻ നാൾ രാത്രി മുപ്പത്തിമുക്കോടി ദേവതകളുടെ അനുഗ്രഹ വർഷത്തിൽ നടക്കുന്ന വൈകുണ്ഠ ദർശനത്തോടെ പൂരം ചടങ്ങുകൾ പാരമ്യത്തിൽ എത്തും. എണ്ണത്തിലായാലും വണ്ണത്തി ലായാലും ഈ പൂരങ്ങളുടെ ദൃശ്യ ചാരുതയും മേളങ്ങളുടെ ശ്രവണസുഖവും വേറിട്ടു നില്ക്കുന്ന ഒന്നു തന്നെയാണ്.

പൂരത്തിലലിഞ്ഞുചേരാൻ ഇനി നമുക്ക് കാത്തിരിക്കാം. എല്ലാ വിഭാഗം ജനങ്ങളുടേയും സമ്പൂർണ്ണ സഹകരണം കൊണ്ടാണ് ഓരോ പൂരവും പ്രൗഢഗംഭീരമാകുന്നത്. ഈ സഹകരണം തുടർവർഷങ്ങളിലും ഉണ്ടാകണമെന്ന് ഞങ്ങൾ ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. എല്ലാവരെയും ശാസ്താവ് അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥനയോടെ....

ആറാട്ടുപുഴ ഉത്സവാഘോഷ കമ്മറ്റിക്കുവേണ്ടി,


രവി ചക്കോത്ത്
പ്രസിഡന്റ്
9496346969

കെ. രഘുനന്ദനൻ
സെക്രട്ടറി
7012693980

യു. അനിൽകുമാർ
ദേവസ്വം ഓഫീസർ, ട്രഷറർ
9947757187

ഹരിദാസ് പി.ആർ
വൈസ് പ്രസിഡന്റ്
9072341925

മധു മംഗലത്ത്
ജോ. സെക്രട്ടറി
9496349123

കെ.കെ. വേണുഗോപാൽ
ഓഡിറ്റർ
9947766356



# 108 കരിക്കഭിഷേകവും നെയ് സമർപ്പണവും

1200 മീനം 15 [2025 മാർച്ച് 29] ശനിയാഴ്ച

അഭീഷ്ടവരദായകനായ ആറാട്ടുപുഴ ശാസ്താവിന്റെ പൂരാഘോഷച്ചടങ്ങുകൾക്ക് നാന്ദികുറിച്ചുകൊണ്ട് വെളുപ്പിന് 3 മണിക്ക് ശാസ്താവിന് 108 കരിക്കഭിഷേകം. പൂരാഘോഷങ്ങളുടെ മുന്നൊരുക്കമെന്നോണം ഏപ്രിൽ 1ന് സന്ധ്യയിൽ തെളിയിക്കുന്ന ചുറ്റുവിളക്ക് ഗ്രാമവാസികളുടെ വഴിപാടായാണ് നടത്തുന്നത്. ശാസ്താവിന്റെ തിരുസന്നിധിയിൽ നെയ്യ് സമർപ്പിച്ചുകൊണ്ട് സമ്പൂർണ്ണ നെയ്യ് വിളക്കെന്ന പവിത്രമായ ചടങ്ങിൽ പങ്കാളികളാകുക. രാവിലെ 6 മുതൽ ഇതിനായി ഭക്തർക്ക് വിപുലമായ സൗകര്യം സജ്ജമാക്കിയിട്ടുണ്ട്. തുടർന്നുള്ള ദിവസങ്ങളിൽ ശ്രീലകം നെയ്‌വിളക്കിന്റെ പ്രഭയാൽ തേജോമയമായിരിക്കും.

## കളഭാഭിഷേകം 1200 മീനം 16 [2025 മാർച്ച് 30] ഞായറാഴ്ച

രാവിലെ 9 മണിക്ക് ശാസ്താവിന് കളഭാഭിഷേകം. ചന്ദനം, ഗോരോചനം, കുങ്കുമപ്പൂവ്, പച്ചക്കർപ്പൂരം, പനിനീർ തുടങ്ങിയ സുഗന്ധദ്രവ്യങ്ങളുടെ കൂട്ടാണ് കളഭാട്ടത്തിനുപയോഗിക്കുന്നത്. ഉരുളിയിൽ ഒരുക്കിവെച്ചിരിക്കുന്ന കളഭം ജലദ്രോണി പൂജയ്ക്കു ശേഷം വാദ്യഘോഷങ്ങളോടെ കലശക്കുടത്തിൽ നിറയ്ക്കുന്നു. പൂജാവിധികളാൽ സചേതനമാക്കിയ കളഭം പാണികൊട്ടി ശ്രീലകത്തേക്കെഴുന്നള്ളിച്ച് ശാസ്താപ്രതിഷ്ഠയിൽ അഭിഷേകം ചെയ്യുന്നു. അനന്തരം ദേവന് കടുംമധുരപ്പായസം നിവേദിക്കുന്നു. ഈ ശുഭമുഹൂർത്തം ദർശനത്തിനു ശ്രേഷ്ഠമാണ്. നമസ്കാര മണ്ഡപത്തിലാണ് പൂജകൾ നടത്തുന്നത്. ഇതോടൊപ്പം നവക-പഞ്ചഗവ്യാഭിഷേകങ്ങളും നടത്തുന്നു. ക്ഷേത്രം തന്ത്രി ബ്രഹ്മശ്രീ കെ.പി.സി. വിഷ്ണു ഭട്ടതിരിപ്പാടാണ് പൂജകൾക്ക് നേതൃത്വം വഹിക്കുന്നത്.

## ഘടക ക്ഷേത്രങ്ങളിൽ നെയ് സമർപ്പണം 1200 മീനം 16 [2025 മാർച്ച് 30] ഞായറാഴ്ച



ആറാട്ടുപുഴ പൂരവുമായി ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരുതരത്തിൽ ബന്ധപ്പെട്ടു കിടക്കുന്ന മുഴുവൻ ക്ഷേത്രങ്ങളിലെയും ആചാരങ്ങളും അനുഷ്ഠാനങ്ങളും ശുഭപര്യവസായിയായി തീർന്ന് ഭക്തജനങ്ങൾക്ക് ദേവീദേവന്മാരുടെ കൃപാകടാക്ഷം ലഭിക്കുന്നതിന് ആറാട്ടുപുഴ ക്ഷേത്രോപദേശകസമിതിയിലെ അംഗങ്ങളുടെ നേതൃത്വത്തിൽ വെളുപ്പിന് നെയ് സമർപ്പണം നടത്തുന്നു. പങ്കാളിക്ഷേത്രങ്ങളിലും ഗ്രാമക്ഷേത്രമായ പെരുവനം മഹാദേവ ക്ഷേത്രത്തിലും അനുബന്ധക്ഷേത്രങ്ങളായ പിടിക്കപ്പറമ്പ്, വല്ലച്ചിറ, പല്ലിശ്ശേരി, കണ്ടേശ്വരം, നാങ്കുളങ്ങര, തൊട്ടിപ്പാൾ മഹാവിഷ്ണു എന്നീ ക്ഷേത്രങ്ങളിലും, പെരുവനം ഗ്രാമത്തിന്റെ അതിർത്തി ക്ഷേത്രങ്ങളായ കിഴക്ക് കുതിരാൻ, വടക്ക് അകമല, പടിഞ്ഞാറ് എടതിരുത്തി അയ്യപ്പൻകാവ്, തെക്ക് ഉഴുവത്ത് ശാസ്താ ക്ഷേത്രം, ദേവസ്വം കീഴേടങ്ങളായ ഞെരുക്കാവ്, ചിറ്റേങ്ങര, തൃക്കണ്ടാപുരം എന്നീ 39 ക്ഷേത്രങ്ങളിലും നെയ് സമർപ്പിക്കും. ശാസ്താവിന് രാവിലെ 9ന് കളഭാഭിഷേകം.

## ഉദയാസ്തമന പൂജ

1200 മീനം 17 [2025 മാർച്ച് 31] തിങ്കളാഴ്ച

ക്ഷേത്രത്തിലെ നിത്യനിദാന പൂജകൾക്കുപുറമെ 18 പൂജകൾ കൂടിയതാണ് ഉദയാസ്തമന പൂജ. രാവിലെ നിർമ്മാല്യദർശനം, അഭിഷേകം, മലർനിവേദ്യം, ഉഷഃപൂജ എന്നിവ കഴിഞ്ഞാൽ ഉദയാസ്തമനപൂജയുടെ 18 പൂജകൾ ആരംഭിക്കുന്നു. 18-ാമത്തേതാണ് ഉച്ചപ്പൂജ. ഇതോടൊപ്പം നവക-പഞ്ചഗവ്യാഭിഷേകങ്ങളും ശ്രീഭൂതബലിയും നടക്കുന്നു. കേരളത്തനിമ നിറഞ്ഞുനിൽക്കുന്ന സോപാനസംഗീതത്തോടു കൂടിയാണ് ഉച്ചപ്പൂജ.



## കെ.പി.സി. നാരായണൻ ഭട്ടതിരിപ്പാട് സ്മാരക

# ആറാട്ടുപുഴ പൂരം പ്രശ്നോത്തരി

**2025 മാർച്ച് 30 ഞായറാഴ്ച**



ആയിരത്തി നാനൂറ്റിനാല്പത്തി രണ്ട് വർഷത്തെ പഴമയുള്ള ആറാട്ടുപുഴ പൂരത്തിന്റെ അനുഷ്ഠാനങ്ങളും ചടങ്ങുകളും ആഘോഷങ്ങളും ചരിത്രവും ക്ഷേത്രവിവരങ്ങളും ഉൾക്കൊള്ളുന്ന വിശദവിവരങ്ങൾ വളർന്നുവരുന്ന തലമുറയ്ക്ക് പകർന്ന് കൊടുക്കുന്നതിന്റെ ഭാഗമായി ആറാട്ടുപുഴ പൂരം പ്രശ്നോത്തരി നടത്തുന്നു. തന്ത്രി മുഖ്യനും ആറാട്ടുപുഴ ക്ഷേത്രത്തിന്റെ മാർഗ്ഗദർശിയുമായിരുന്ന പരേതനായ കെ.പി.സി. നാരായണൻ ഭട്ടതിരിപ്പാടിന്റെ സ്മരണാർത്ഥം ആറാട്ടുപുഴ ഉത്സവാഘോഷ കമ്മറ്റിയുടെ നേതൃത്വത്തിലാണ് പൂരം പ്രശ്നോത്തരി.

2025 മാർച്ച് 30ന് ഒറ്റ ഘട്ടമായി നടത്തുന്ന മത്സരത്തിൽ ഏറ്റവും മികച്ച പ്രകടനം കാഴ്ചവെച്ച് ഒന്നാം സ്ഥാനത്തെത്തുന്ന വിജയിക്ക് പ്രശസ്തി പത്രവും ഉപഹാരവും കൊടിയേറ്റ ദിവസമായ ഏപ്രിൽ 3ന് വൈകുന്നേരം 6ന് ക്ഷേത്രാങ്കണത്തിൽ വെച്ച് സമ്മാനിക്കും.

പത്തിനും പതിനെട്ടിനും ഇടയിൽ പ്രായമുള്ള കുട്ടികൾക്കാണ് പ്രശ്നോത്തരിയിൽ പങ്കെടുക്കുവാൻ അർഹതയുള്ളത്. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ വെള്ളക്കടലാസിൽ പേര്, വിലാസം, ജനനത്തീയതി, വയസ്സ്, മൊബൈൽ നമ്പർ, ഇ-മെയിൽ ഐ.ഡി. എന്നിവ ഉൾപ്പെടുത്തി തയ്യാറാക്കിയ അപേക്ഷ വയസ്സ് തെളിയിക്കുന്നതിനുള്ള രേഖയുടെ പകർപ്പ് സഹിതം ആറാട്ടുപുഴ ഉത്സവാഘോഷ കമ്മറ്റി ഓഫീസിൽ 20.03.2025നുള്ളിൽ സമർപ്പിക്കേണ്ടതാണ്. പൂരം പ്രശ്നോത്തരിയുടെ കൂടുതൽ വിശദ വിവരങ്ങൾക്കായി ആറാട്ടുപുഴ ഉത്സവാഘോഷ കമ്മറ്റിയുടെ ഓഫീസിൽ നേരിട്ടോ 7012693980, 9496346969 എന്നി ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

പ്രശ്നോത്തരി നയിക്കുന്നത്
ശ്രീ. എ.ആർ. രഞ്ജിത്ത്, ഇന്റർ നാഷണൽ ക്വിസർ & ക്വിസ് മാസ്റ്റർ

ആറാട്ടുപുഴ പൂരം പ്രശ്നോത്തരിയുടെ മുഴുവൻ ചെലവും സമർപ്പിക്കുന്നത്
**മുല്ലപ്പിള്ളി ബാലകൃഷ്ണമേനോന്റെ സ്മരണാർത്ഥം ഭാര്യ (പരേത) കിഴുവീട്ടിൽ സൗദാമിനി ടീച്ചർ,**
**മക്കൾ : (പരേ.) സന്തോഷ് മേനോൻ, (പരേ.) രാജീവ് ാ (പരേത) ശാലിനി സന്തോഷ്**





# സമ്പൂർണ്ണ നെയ്‌വിളക്ക്

1200 മീനം 18 [2025 ഏപ്രിൽ 1] ചൊവ്വാഴ്ച

പൂർണ്ണമായും നെയ്യ് മാത്രം ഉപയോഗിച്ചുകൊണ്ട് വിളക്കുമാടത്തിലെ ഓട്ടുചെരാതുകളും ക്ഷേത്രത്തിനകത്തും പുറത്തുമുള്ള എല്ലാ വിളക്കുകളും സായൂജ്യമായ പ്രകാശപൂരത്തിൽ നിൽക്കുന്ന കാഴ്ച കമനീയമാണ്. സത്വഗുണ പ്രധാനിയായ നെയ്യ് ചെരാതുകളിലെ ദീപങ്ങളായി രൂപാന്തരപ്പെടുമ്പോൾ ക്ഷേത്രമതിൽക്കെട്ടിനകം ദേവചൈതന്യത്താൽ സമ്പന്നമാകുന്നു. തദവസരത്തിൽ വിളക്കുമാടത്തിൽ ദീപംതെളിയിക്കുന്നതും ശാസ്താവിന്റെ ദർശനം ലഭിക്കുന്നതും സുകൃതമെന്നു കരുതുന്നവർ നിരവധിയാണ്.

# ചമയ-ദ്രവ്യ സമർപ്പണം

1200 മീനം 19 [2025 ഏപ്രിൽ 2] ബുധനാഴ്ച

പൂരത്തോടനുബന്ധിച്ചുള്ള ശാസ്താവിന്റെ എഴുന്നെള്ളിപ്പുകൾക്ക് ആവശ്യമായ കോലം, നെറ്റിപ്പട്ടം, കുട, ആലവട്ടം, ചാമരം, മണിക്കൂട്ടം, വക്ക, കൈപ്പന്തത്തിനുവേണ്ട വെളിച്ചെണ്ണ-എണ്ണ, ഓണപ്പുടവ, തുടങ്ങിയ മറ്റു ദ്രവ്യങ്ങളും ഭക്തജനവൃന്ദം ശാസ്താവിന് വഴിപാടായി സമർപ്പിക്കും. പുഷ്പ-ദീപങ്ങളാൽ ഹൃദ്യമായി അലങ്കരിക്കപ്പെട്ട ക്ഷേത്ര നടപ്പുരയിൽ ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിൽ വൈകുന്നേരം 5 മുതൽ ആരംഭിക്കുന്ന പ്രസ്തുത സമർപ്പണ ചടങ്ങിൽ പങ്കാളികളാകുവാനും ലോകാഭീഷ്ടങ്ങൾ നടത്തിത്തരുന്ന ശാസ്താവിന്റെ അനുഗ്രഹാശിസ്സുകൾക്ക് പാത്രീഭൂതരാകുവാനും താൽപര്യപ്പെടുന്നു.





# ശുദ്ധി

1200 മീനം 19 [2025 ഏപ്രിൽ 2] ബുധനാഴ്ച

ശുദ്ധിക്കാവശ്യമായ കഴിനൂൽ ആറാട്ടുപുഴ പറത്തുക്കാംപറമ്പിൽ കുടുംബാംഗം തൃപ്പടിയിൽ സമർപ്പിക്കുന്നതോടുകൂടി ശാസ്താവിന്റെ പൂരച്ചടങ്ങുകൾക്ക് തുടക്കമാകും. അത്തിയും പ്ലാവും ചേർത്ത് നിർമ്മിച്ച ധാരാതട്ട്, സ്രുവം, ജുഹു എന്നിവ വൈകീട്ട് ദേശത്തെ ആചാരി ശ്രീ. എ.ജി. ഗോപി ക്ഷേത്ര നടപ്പുരയിൽവെച്ച് ശാസ്താവിന് സമർപ്പിക്കും. ക്ഷേത്രം മേൽശാന്തിമാർ ശ്രീ. മൂർക്കനാട്ട് മന മോഹനൻ നമ്പൂതിരി, കുറ്റമ്പിള്ളി മന പത്മനാഭൻ നമ്പൂതിരി എന്നിവർ ഏറ്റുവാങ്ങും. അനന്തരം തന്ത്രി ബ്രഹ്മശ്രീ. കെ.പി.സി. വിഷ്ണുഭട്ടതിരിപ്പാടിന്റെ മുഖ്യകാർമ്മികത്വത്തിൽ ഗണപതിപൂജ, അസ്ത്രകലശപൂജ, രക്ഷോഘ്നഹോമം, വാസ്തുഹോമം, വാസ്തുകലശപൂജ, വാസ്തുബലി, വാസ്തു കലശാഭിഷേകം, വാസ്തുപുണ്യാഹം തുടങ്ങിയവ ഉൾക്കൊള്ളുന്ന പ്രാസാദശുദ്ധി നടക്കും. കൊടിയേറ്റ ദിവസം രാവിലെ 5ന് ബിംബശുദ്ധി ആരംഭിക്കും. ചതുശ്ശുദ്ധി, ധാര, പഞ്ചഗവ്യം, പഞ്ചകം, ഇരുപത്തിയഞ്ച് കലശം മുതലായ പൂജകളും അഭിഷേകങ്ങളും ബിംബശുദ്ധിയിൽ ഉൾപ്പെടുന്നു.













# പെരുവനം വിളക്ക്



പെരുവനം പൂരത്തിൽ പങ്കെടുക്കുന്ന 18 ദേവീദേവന്മാരിൽ 11 പേർ അണിനിരക്കുന്ന പെരുവനം വിളക്ക് ഭക്തിസാന്ദ്രമാണ്. പെരുവനം-ആറാട്ടുപുഴ പൂരം സെൻട്രൽ കമ്മറ്റിയുടെ നേതൃത്വത്തിലാണ് അർദ്ധരാത്രിയോടടുത്ത സമയത്ത് പെരുവനം മഹാദേവ ക്ഷേത്രത്തിന്റെ വടക്കേനടയിൽ ഭക്തിയുടെ നിറവിൽ കുട്ടി എഴുന്നെള്ളിപ്പ് നടക്കുന്നത്. ഈ വിളക്കിൽ നായകസ്ഥാനം നെട്ടിശ്ശേരി ശാസ്താവിനാണ്. വിളക്കുമാടത്തിനടുത്ത് എഴുന്നെള്ളി നില്ക്കുന്ന നെട്ടിശ്ശേരി ശാസ്താവിന്റെ ഇടതുഭാഗത്ത് കിഴക്കോട്ട് തിരിഞ്ഞ് നാങ്കുളം ശാസ്താവ്, കോടന്നൂർ ശാസ്താവ്, ചക്കംകുളങ്ങര ശാസ്താവ്, മേടംകുളം ശാസ്താവ്, ചിറ്റിച്ചാത്തക്കുടം ശാസ്താവ്, പൂനിലാർക്കാവ് ഭഗവതി, കല്ലേലി ശാസ്താവ്, മാട്ടിൽ ശാസ്താവ്, എടക്കുന്നി ഭഗവതി, തൈക്കാട്ടുശ്ശേരി ഭഗവതി എന്നിവർ അണിനിരക്കുന്നു. പഞ്ചാരിമേളമാണ് ഈ വിളക്കിന് അകമ്പടി. തുടർന്ന് 11 ദേവിദേവന്മാരും ഒരുമിച്ച് ക്ഷേത്രം പ്രദക്ഷിണം വെച്ച് കിഴക്കേ നടയിലെത്തും. ഊരകത്തമ്മതിരുവടിയുടെ കയറ്റുപഞ്ചാരിക്കുശേഷം പെരുവനം ക്ഷേത്രം പ്രദക്ഷിണം വെച്ച് കിഴക്കേനട വഴി പുറത്തേക്ക് എഴുന്നെള്ളിയതിനുശേഷമാണ് ദേവിദേവന്മാരുടെ ഉപചാരം.

പെരുവനം ക്ഷേത്രത്തിനകത്ത് കിഴക്കേ നടയിലെ ഉപചാര തറയിൽ നെട്ടിശ്ശേരി ശാസ്താവ് എഴുന്നെള്ളി പടിഞ്ഞാട്ട് തിരിഞ്ഞ് മാടത്തിലപ്പന് ഉപചാരം പറഞ്ഞു കഴിഞ്ഞാൽ നാങ്കുളം, കോടന്നൂർ ശാസ്താക്കന്മാരും എടക്കുന്നി ഭഗവതിയും മാടത്തിലപ്പന് ഉപചാരം പറഞ്ഞ് സ്വന്തം തട്ടകങ്ങളിലേക്ക് തിരിച്ച് എഴുന്നെള്ളുന്നു. ഇതോടെ പെരുവനം വിളക്കിന് സമാപനമാകും.





# കൊടിയേറ്റം

1200 മീനം 20 [2025 ഏപ്രിൽ 3] വ്യാഴാഴ്ച

ക്ഷേത്ര ഊരാളൻ കുടുംബാംഗങ്ങളായ ശ്രീ. മാടമ്പ് ഹരിദാസൻ നമ്പൂതിരി, ശ്രീ. ചിറ്റിശ്ശേരി കപ്ലിങ്ങാട്ട് കൃഷ്ണൻ നമ്പൂതിരി, ശ്രീ. കരോളിൽ എളമണ്ണ് ത്രിവിക്രമൻ നമ്പൂതിരി, ശ്രീ. ചോരഞ്ചേടത്ത് ശ്രീകുമാർ നമ്പൂതിരി, ശ്രീ. ഓട്ടൂർ മേക്കാട്ട് ജയൻ നമ്പൂതിരി എന്നിവരുടെ സാന്നിദ്ധ്യത്തിലാണ് കൊടിയേറ്റം. ദേശത്തെ ആചാരി ശ്രീ. എ.ജി. ഗോപിയുടെ നേതൃത്വത്തിലാണ് കവുങ്ങ് മുറിക്കുന്നതും ചെത്തിമിനുക്കി കൊടിമരമാക്കുന്നതും. ഒന്നിടവിട്ട് ആലിലകളും മാവിലകളും ചാർത്തിയ 11 കോൽ ഉയരമുള്ള കൊടിമരം ഭക്തജനങ്ങളാണ് ഉയർത്തുന്നത്. തുടർന്ന് ക്ഷേത്രം ഊരാളന്മാർ ദർഭപ്പുല്ല് കൊടിമരത്തിൽ ബന്ധിപ്പിക്കുന്ന ചടങ്ങാണ്. വാദ്യഘോഷങ്ങളും ചമയങ്ങളുമില്ലാതെ ഒരു ഗജവീരനെ കുത്തുവിളക്കുകളുടെ അകമ്പടിയോടെ എഴുകണ്ടം അതിർത്തി വരെ ആനയിക്കും. താളമേളങ്ങളുറങ്ങിക്കിടക്കുന്ന ആറാട്ടുപുഴയെ പ്രകമ്പനം കൊള്ളിച്ചുകൊണ്ട്, അടിയന്തിരമാരാർ ശംഖധ്വനി മുഴക്കുന്നു. തുടർന്ന് ത്രിപുട താളത്തിൽ വാദ്യഘോഷങ്ങളോടെ ആർപ്പും കുരവയുമായി പുരുഷാരം ക്ഷേത്രത്തിലേക്ക് തിരിക്കുന്നു. പൂരം പുറപ്പാട് ഉദ്ഘോഷിച്ചുകൊണ്ട് ക്ഷേത്രനടപ്പുരയിൽ വലന്തലയിൽ പൂരം കൊട്ടിവെക്കുന്നതോടെ ഒരു വർഷത്തെ കാത്തിരിപ്പിനു ശേഷം ദേശക്കാരുടേയും കലാപ്രേമികളുടേയും മനസ്സിൽ പൂരാവേശം തുടികൊട്ടി ഉണരുകയായി. കൊടിയേറ്റത്തിനുശേഷം ക്ഷേത്രത്തിനകത്ത് നവകം, ശ്രീഭൂതബലി തുടങ്ങിയ താന്ത്രികച്ചടങ്ങുകൾ ആരംഭിക്കുകയായി. കൊടികുത്തുവരെ എല്ലാ ദിവസവും ശ്രീഭൂതബലി, കേളി, കൊമ്പുപറ്റ്, കുഴൽപ്പറ്റ് എന്നിവയും ഉണ്ടാകും.

# തിരുവായുധ സമർപ്പണം

മതിൽക്കെട്ടിനുപുറത്ത് ആൽത്തറയ്ക്ക് സമീപം തിരുവായുധ സമർപ്പണം എന്ന ചടങ്ങാണ് പിന്നീട്. ആറാട്ടുപുഴ കളരിക്കൽ ബാലകൃഷ്ണക്കുറുപ്പിന്റെ ചുമതലയിലാണ് തിരുവായുധം സമർപ്പിക്കുന്നത്. കരിമ്പനത്തണ്ട് കൊണ്ടാണ് വില്ലും ശരവും ഉണ്ടാക്കിയിട്ടുള്ളത്. രണ്ടടിയോളം നീളമുള്ളതാണ് വില്ല്. ചേലമരത്തിന്റെ തൊലി ഉണക്കി നാരാക്കി പിരിച്ചാണ് ഞാൺ ഉണ്ടാക്കിയിട്ടുള്ളത്. വില്ലും ശരവും പ്രത്യേക മരത്തിൽ തീർത്ത വാളും പരിചയും ആണ് 'തിരുവായുധം'. പൊൻകാവി തേച്ച് മനോലകൊണ്ട് വരച്ചാണ് തിരുവായുധത്തിന് നിറം കൊടുക്കുന്നത്. ശാസ്താവ് മതിൽക്കെട്ടിനു പുറത്തേയ്ക്ക് എഴുന്നള്ളുമ്പോഴെല്ലാം അകമ്പടിയായി തിരുവായുധം ഉണ്ടായിരിക്കും.

# തിരുവാതിര വിളക്ക്

1200 മീനം 22 [2025 ഏപ്രിൽ 5] ശനിയാഴ്ച വെളുപ്പിന്



തിരുവാതിര നക്ഷത്രം ഉദിച്ചുയരുമ്പോൾ വെളുപ്പിനു 3 മണിക്ക് ക്ഷേത്രമതിൽക്കകത്ത് തിരുവാതിരവിളക്ക് ആരംഭിക്കുകയായി. ക്ഷേത്രം തന്ത്രിയുടെ അനുമതിയോടെയും ആശീർവാദത്തോടെയും അകത്ത് തിമിലപാണികൊട്ടി ഒരു വലംവെച്ച് ചെമ്പടതാളത്തിൽ ശാസ്താവ് പുറത്തേക്കെഴുന്നെള്ളുന്നു. വടക്കേനടയിൽ ചെമ്പട അവസാനിക്കുന്നതോടെ വിസ്തരിച്ച വിളക്കാചാരമാണ്. തുടർന്ന് വലന്തല ശ്രുതിയോടെ ഒന്നര പ്രദക്ഷിണം നടത്തി കിഴക്കേനടയിൽ തെക്കോട്ടഭിമുഖമായി നിന്ന് കൂറുകൊട്ടി കലാശിക്കുന്നു, വിസ്തരിച്ച കേളി, കൊമ്പുപറ്റ്, കുഴൽപ്പറ്റ് എന്നിവക്കു ശേഷം പഞ്ചാരിമേളത്തിന് കാലമിടുന്നു. വിളക്കുമാടത്തിൽ നിന്നുയരുന്ന ദീപപ്രഭയിൽ, അഞ്ചാനകളുടെ അകമ്പടിയോടെ പൊന്നിൻ കാന്തിക്കലർന്ന് എഴുന്നെള്ളിനിൽക്കുന്ന സർവ്വാഭീഷ്ടവരദായകനായ ശാസ്താവിനെ ഒരു നോക്കു കാണാനെത്തുന്ന ജനസഹസ്രങ്ങളെ സാക്ഷിനിർത്തി പഞ്ചാരിമേളം കാലാനുഗതം കൊട്ടിക്കയറി പടിഞ്ഞാറെ നടപ്പുരയിൽ കലാശിക്കും. സർവ്വസാക്ഷിയും സത്യസ്വരൂപനുമായ സൂര്യഭഗവാന്റെ തേജസ്സിൽ മറ്റൊരു പൂരക്കാഴ്ചയുടെ അനുഭവവും, ഹൃദയം നിറയുന്ന ഭക്തിയുമായി ആസ്വാദകവൃന്ദം ശാസ്താവുമായി ലയിച്ചു നിൽക്കുന്ന ദൃശ്യം വർണ്ണനാതീതമാണ്. തുടർന്നുള്ള ഇടയ്ക്കപ്രദക്ഷിണത്തിനുശേഷം സർവ്വാലങ്കാരവിഭൂഷിതനായ ശാസ്താവ് തൈക്കാട്ടുശ്ശേരി പൂരത്തിൽ പങ്കെടുക്കുവാൻ പുറപ്പെടുന്നു.

## തൈക്കാട്ടുശ്ശേരി ക്ഷേത്രത്തിലേക്ക്

1200 മീനം 22 [2025 ഏപ്രിൽ 5] ശനിയാഴ്ച

തിരുവാതിരവിളക്കിനുശേഷം ഏകദേശം 8 മണിയോടുകൂടി 3 പ്രാവശ്യം ശംഖുവിളിച്ച് പഞ്ചാരിമേളത്തോടെ ആറാട്ടുപുഴ ശാസ്താവ് മതിൽക്കെട്ടിനു പുറത്തേക്കെഴുന്നെള്ളുന്നു. ആൽത്തറയ്ക്കു സമീപം മേളം അവസാനിച്ചാൽ നാഗസ്വരം, ശംഖ്, വലന്തലയിലെ ശ്രുതി എന്നിവയോടുകൂടി തൈക്കാട്ടുശ്ശേരിയിലേക്ക് യാത്ര. തൈക്കാട്ടുശ്ശേരി ക്ഷേത്രത്തിൽ ഇറക്കിയെഴുന്നെള്ളിപ്പ്. തൈക്കാട്ടുശ്ശേരി പൂരം കഴിഞ്ഞാൽ ആറാട്ടുപുഴ ശാസ്താവിന്റെ 'ഇടവഴിപ്പൂരം' ആരംഭിക്കുകയായി. തൈക്കാട്ടുശ്ശേരി ക്ഷേത്ര പ്രദക്ഷിണത്തിനു ശേഷം ഉപചാരം. മടക്കയാത്രയിൽ ചാത്തക്കുടം ക്ഷേത്രത്തിൽ ഇറക്കിയെഴുന്നെള്ളിപ്പ്. ഉപചാരത്തിനുശേഷം ആറാട്ടുപുഴയിലേക്ക് എഴുന്നെള്ളുന്ന വഴികളിലെല്ലാം നിലവിളക്ക് കൊളുത്തി, കോലംവരച്ച്, തോരണം ചാർത്തി, കർപ്പൂരം കത്തിച്ച്, നിറപറകൾ സമർപ്പിച്ച് ഭക്തജനങ്ങൾ ശാസ്താവിനെ എതിരേൽക്കുന്നു.

## നറുകുളങ്ങര ക്ഷേത്രത്തിലേക്ക്

1200 മീനം 22 [2025 ഏപ്രിൽ 5] ശനിയാഴ്ച

നിത്യപൂജകൾക്കും താന്ത്രികച്ചടങ്ങുകൾക്കും ശേഷം വൈകീട്ട് 8 മണിക്ക് നറുകുളങ്ങര ക്ഷേത്രത്തിലേക്ക് പുറപ്പെടുന്ന ആറാട്ടുപുഴ ശാസ്താവിന് തന്ത്രിഇല്ലമായ പെരുവനം കുന്നത്തൂർ പടിഞ്ഞാറേടത്ത് മനയ്ക്കൽ ഇറക്കിപ്പൂജ, അടനിവേദ്യം. അതിനുശേഷം നറുകുളങ്ങര ക്ഷേത്രത്തിലേയ്ക്ക്. കൊട്ടിപ്രദക്ഷിണത്തിനു ശേഷം തിരിച്ച് ആറാട്ടുപുഴയിലേക്ക്. രാത്രിയുടെ നിശ്ശബ്ദതയിലും ഭക്തജനങ്ങൾ ശാസ്താവിന്റെ എഴുന്നെള്ളത്തിന് കാതോർത്തിരുന്ന് ഭക്തിയുടെ പൂർണ്ണതയിൽ വരവേൽക്കുന്ന കാഴ്ച ആനന്ദകരം തന്നെയാണ്.





# പെരുവനം പൂരം

1200 മീനം 23 [2025 ഏപ്രിൽ 6] ഞായറാഴ്ച

ഗ്രാമക്ഷേത്രം നിലകൊള്ളുന്ന കുലീനത്വവും പുരാവൃത്തപരാമർശവുമുള്ള പ്രസിദ്ധമായ ഗ്രാമമാണ് പെരുവനം. മുൻകാലങ്ങളിൽ 28 ദിവസങ്ങളിലായി ആഘോഷിച്ചിരുന്ന പെരുവനത്തുത്സവത്തിന്റെ വലിയ വിളക്കായിരുന്ന പൂയം നാളിലാണ് പെരുവനം പൂരം അരങ്ങേറുന്നത്. ഭക്തവൃന്ദത്തിന്റേയും നാഗസ്വരത്തിന്റേയും അകമ്പടിയോടെ വൈകീട്ട് 4 മണിക്ക് സർവ്വാഭരണവിഭൂഷിതനായി, പ്രൗഢിയോടെ ശാസ്താവ് പെരുവനം ക്ഷേത്രത്തിലേക്ക് എഴുന്നെള്ളുന്നു. മേളപ്പെരുമയുടെ ജന്മഗൃഹമായ പെരുവനം ക്ഷേത്രത്തിന്റെ നടവഴിയിൽ ഗതകാലസ്മരണകൾ ഉണർത്തിക്കൊണ്ട് പാണ്ടിമേളത്തോടെയാണ് ശാസ്താവിന്റെ എഴുന്നെള്ളത്ത്. മേളപ്രമാണിമാരുടെ കൈവിരലുകളിലൂടെ അണുവിടമുറിയാതുയർന്നു കേൾക്കുന്ന ഈ ഇറക്കപ്പാണ്ടി ആസ്വാദകഹൃദയത്തിലേക്ക് അലയടിച്ചെത്തുമ്പോഴുള്ള മധുരാനുഭൂതി കേവലം വാക്കുകളിൽ ഒതുക്കാവുന്നതല്ല. 150ൽപ്പരം കലാകാരന്മാർ ഏകമനസ്സോടെ കാഴ്ചവെക്കുന്ന പാണ്ടിമേളം ആസ്വദിച്ച് സായൂജ്യമടയാൻ നാടിന്റെ നാനാഭാഗങ്ങളിൽ നിന്നും കൂട്ടംകൂട്ടമായി ആയിരങ്ങൾ പെരുവനത്തേക്ക് ഒഴുകിയെത്തുന്നു. മേളം കലാശിച്ചാൽ തൃപുടയോടെ കിഴക്ക് തൊടുകുളത്തിന് സമീപമെത്തുന്ന ശാസ്താവ് ചാത്തക്കുടം ശാസ്താവിന്റെ പൂരം കഴിഞ്ഞാൽ കല്ലേലി, മേടംകുളം ശാസ്താക്കന്മാരോടൊപ്പം പെരുവനം ക്ഷേത്രത്തിലേക്ക് എഴുന്നെള്ളുന്നു. കിഴക്കെഗോപുരനടവരെ പഞ്ചാരി. ക്ഷേത്രത്തിനകത്തു കടന്നാൽ മുറിയടന്ത. ഇത് തെക്കെഗോപുരനടയിൽ അവസാനിക്കുന്നു. ആറാട്ടുപുഴ ശാസ്താവ് തന്ത്രി ഇല്ലത്തേയ്ക്കും മറ്റുദേവന്മാർ ക്ഷേത്രപ്രദക്ഷിണത്തിനും യാത്രയാവുന്നു. പിറ്റേന്ന് ശാസ്താവ് ചേർപ്പ് ഭഗവതിയോട് ഉപചാരത്തിനുശേഷം മടങ്ങുമ്പോൾ ഊരകം ക്ഷേത്രത്തിൽ ഇറക്കിയെഴുന്നെള്ളിപ്പ്, ഉപചാരം. ഭക്തജനങ്ങൾ ഭക്തിബഹുമാനങ്ങളോടെ കാഴ്ചവയ്ക്കുന്ന നിറപറകൾ ഏറ്റുവാങ്ങി മദ്ധ്യാഹ്നമാവുന്നതോടെ ആറാട്ടുപുഴയിൽ എത്തുന്നു.



# പിടിക്കപ്പറമ്പ് ക്ഷേത്രത്തിലേക്ക്



**1200 മീനം 25 [2025 ഏപ്രിൽ 8] ചൊവ്വാഴ്ച**

തറയ്ക്കൽ പൂരത്തിൻനാൾ കാലത്ത് 7 മണിക്ക് ക്ഷേത്രത്തിൽ നിന്ന് പുറപ്പെട്ട് പടിക്കപ്പറമ്പിൽ എഴുന്നെള്ളിച്ചെന്ന് ആറാട്ടുപുഴ ശാസ്താവ് പൂരപ്പാടത്തിനു സമീപം വടക്കോട്ടുതിരിഞ്ഞ് നിലപാടു നിൽക്കുന്നു. ഈസമയം ചാത്തക്കുടം ശാസ്താവ് പടിഞ്ഞാട്ട് ദർശനമായി നിലപാട് നിൽക്കുന്നുണ്ടായിരിക്കും. ആനയോട്ടത്തിനു ശേഷം കൊമ്പുപറ്റ്, കുഴൽപ്പറ്റ്, തുടർന്ന് തൃപുടയോടുകൂടി പിടിക്കപ്പറമ്പ് ക്ഷേത്രം പ്രദക്ഷിണം വെച്ച് തിരിച്ചുവരുന്ന ആറാട്ടുപുഴ ശാസ്താവ് ചാത്തക്കുടം ശാസ്താവിന് ഉപചാരം ചൊല്ലിപ്പിരിയുന്നു.

ശാസ്താവ് ആറാട്ടുപുഴയ്ക്ക് എഴുന്നെള്ളി പുഴയ്ക്കക്കരെ കിഴക്കേമഠം, വടക്കേമഠം, തെക്കേമഠം, പടിഞ്ഞാറേമഠം തുടങ്ങിയ ഇടങ്ങളിലെ പറകൾ സ്വീകരിക്കുന്നു. ഇവിടെയെല്ലാം ചാലുകീറൽ, ചാടിക്കൊട്ട് എന്നിവയുണ്ടായിരിക്കും. ക്ഷേത്രത്തിൽ തിരിച്ചെഴുന്നെള്ളിയാൽ താന്ത്രികച്ചടങ്ങുകൾ ആരംഭിക്കുകയായി. വൈകീട്ട് 4 മണിക്ക് ചോരഞ്ചേടത്തുമന, കരോളിൽ എളമണ്ണുമന, ചുള്ളിമഠം എന്നിവിടങ്ങളിലെ പറകൾ സ്വീകരിക്കാനായി പുറപ്പെടുന്നു.





# കൂട്ടപ്പറ നിറയ്ക്കൽ

1200 മീനം 25 [2025 ഏപ്രിൽ 8] ചൊവ്വാഴ്ച

തറയ്ക്കൽ പൂരദിനത്തിലെ കൂട്ടപ്പറ ശാസ്താവിന്റെ തിരുനടയെ ഭക്തിസാഗരമാക്കി മാറ്റുന്നു. ദീപാലംകൃതമായ നടയിൽ നടക്കുന്ന കൂട്ടപ്പറ നിറയ്ക്കൽ ചടങ്ങിന് ബഹു. കൊച്ചിൻ ദേവസ്വം ബോർഡ് പ്രസിഡന്റ് പറ നിറച്ചു കൊണ്ട് തുടക്കം കുറിക്കുന്നു. ധന്യമായ ഈ വേളയിൽ ബോർഡ് മെമ്പർമാർ, ദേവസ്വം ബോർഡ് അധികാരികൾ എന്നിവരും തുടർന്ന് ഭക്തജനങ്ങളും നിറപറകൾ സമർപ്പിക്കും. സർവ്വാഭീഷ്ടസിദ്ധിയും ഐശ്വര്യങ്ങളും നൽകി പ്രസാദിച്ചനുഗ്രഹിക്കുന്ന ശാസ്താവിന്റെ പാദാരവിന്ദങ്ങളിൽ സാഷ്ടാംഗം നമസ്കരിച്ച് സായൂജ്യമടയാൻ ഭക്തജനങ്ങൾ ഒന്നടങ്കം പറനിറക്കൽ ചടങ്ങിൽ പങ്കെടുക്കണമെന്ന് പ്രത്യേകം അഭ്യർത്ഥിക്കുന്നു.



# പിഷാരിക്കൽ ക്ഷേത്രത്തിലേക്ക്

1200 മീനം 25 [2025 ഏപ്രിൽ 8] ചൊവ്വാഴ്ച

തറയ്ക്കൽപ്പൂരം കഴിഞ്ഞാൽ ശാസ്താവ് ഊരകത്തമ്മതിരുവടിക്ക് ഉപചാരം പറഞ്ഞുകൊണ്ട് മാടമ്പുമനയിലെ പറകൾ സ്വീകരിച്ച് ക്ഷേത്രത്തിൽ മടങ്ങി എത്തുന്നു. രാത്രി 12 മണിക്ക് നാഗസ്വരത്തിന്റെയും ശംഖനാദത്തിന്റെയും അകമ്പടിയോടെ വലന്തലശ്രുതിയുമായി പിഷാരിക്കൽ ക്ഷേത്രത്തിലേക്ക് എഴുന്നെള്ളുന്നു. മാർഗ്ഗമദ്ധ്യേ കീഴോട്ടുകര മനയിൽ പറ സ്വീകരിച്ച് പിഷാരിക്കൽ ക്ഷേത്രത്തിൽ ഇറക്കി എഴുന്നെള്ളിയ്ക്കുന്നു.

# തൊട്ടിപ്പാൾ ക്ഷേത്രത്തിലേക്ക്

1200 മീനം 26 [2025 ഏപ്രിൽ 9] ബുധനാഴ്ച

പൂരം ദിവസം പ്രഭാതത്തിൽ പാണികൊട്ടി ശാസ്താവിനെ പിഷാരിക്കൽ ക്ഷേത്രത്തിൽ നിന്ന് തൊട്ടിപ്പാൾ ക്ഷേത്രത്തിലേക്ക് എഴുന്നെള്ളിക്കും. തൊട്ടിപ്പാൾ മഹാവിഷ്ണു ക്ഷേത്രത്തിൽ ഇറക്കി എഴുന്നെള്ളിക്കുന്ന ശാസ്താവിന് തൊട്ടിപ്പാൾ പൂരം കഴിഞ്ഞാൽ ചാത്തക്കുടം ശാസ്താവിനോടൊപ്പം 'ഇടവഴിപ്പൂരം'. തുടർന്ന് ഭഗവതി ക്ഷേത്രത്തിൽ ഇറക്കിപ്പൂജ. ഉപചാരത്തിനുശേഷം ശാസ്താവ് ചാത്തക്കുടം ശാസ്താവിനോടൊപ്പം ആറാട്ടുപുഴയിലേക്ക്. ചാത്തക്കുടം ശാസ്താവിനെ ആറാട്ടുപുഴ ക്ഷേത്രത്തിൽ ഇറക്കി എഴുന്നെള്ളിക്കുന്നു. പിന്നീട് ക്ഷേത്ര മതിൽക്കെട്ടിനകത്ത് ഉപചാരമാണ്.



# തറയ്ക്കൽ പൂരം

1200 മീനം 25 | 2025 ഏപ്രിൽ 8 ചൊവ്വാഴ്ച



സായംസന്ധ്യയിൽ സകല ചരാചരങ്ങളേയും സാക്ഷി നിർത്തിക്കൊണ്ട് ശാസ്താവ് പുറത്തെഴുന്നെള്ളുന്നു. ഒമ്പതു ഗജവീരന്മാരോടൊപ്പം തെക്കോട്ട് അഭിമുഖമായിട്ടാണ് നില്പ്. കൈപ്പന്തത്തിന്റെ പ്രഭാപൂരത്തിൽ പൊന്നിൽ കുളിച്ചു നിൽക്കുന്ന ശാസ്താവിനെ കൺകുളിർക്കെക്കണ്ടു കൈകൂപ്പാൻ ആയിരങ്ങൾ ക്ഷേത്രാങ്കണത്തിലേക്ക് പ്രവഹിക്കുന്നു. പാണ്ടിമേളത്തിന്റെ മാസ്മരികതയിൽ ആസ്വാദകർ അലകടലായി ആർത്തിരമ്പുമ്പോൾ തറയ്ക്കൽപൂരത്തിന് ഉണർവ്വേകിക്കൊണ്ട് പടിഞ്ഞാറുനിന്ന് മേളത്തോടെ ഊരകത്തമ്മത്തിരുവടിയും തെക്കുനിന്ന് പഞ്ചവാദ്യത്തോടെ തൊട്ടിപ്പാൾ ഭഗവതിയും എഴുന്നെള്ളിവരുന്നു. രാത്രി 9.30 വരെ നീണ്ടുനിൽക്കുന്ന മേളത്തിന് പരിസമാപ്തി കുറിച്ചുകൊണ്ട് മണ്ണിലും വിണ്ണിലും വിസ്മയക്കാഴ്ചകൾ വിരിയിക്കുന്ന കരിമരുന്നു പ്രയോഗം നടക്കുന്നു. അനന്തരം ഊരാളന്മാർ വട്ടമിട്ടിരിക്കുന്നു. പിന്നീട് 3 ക്ഷേത്രങ്ങളിലേയും അടിയന്തിരമാരാർ 9 പ്രാവശ്യം ശംഖ് വിളിച്ച് മേളം കൊട്ടിവെക്കുന്നു. തൊട്ടിപ്പാൾ ഭഗവതി ശാസ്താവിനോടും ഊരകത്തമ്മത്തിരുവടിയോടും ഉപചാരം പറഞ്ഞുകൊണ്ട് ശാസ്താംകടവിലേക്ക് ആറാട്ടിനായി പോകുന്നു. ഉപചാരശേഷം ഊരകത്തമ്മ കിഴോട്ടുകര മനയിലേക്കും യാത്രയാവുന്നു. അർദ്ധരാത്രിയോടെ തൈക്കാട്ടുശ്ശേരി ഭഗവതിയും ചിറ്റിച്ചാത്തക്കുടം ശാസ്താവും ക്ഷേത്രപ്രദക്ഷിണം കഴിഞ്ഞ് തിരിച്ചെഴുന്നെള്ളുന്നു.





# ആറാട്ടുപുഴ പൂരം

## 1200 മീനം 26 [2025 ഏപ്രിൽ 9] ബുധനാഴ്ച

**തൊ**ട്ടിപ്പാൾ ഭഗവതിയുടെ പകൽപ്പൂരത്തിന് മുഖ്യസാക്ഷിയായി നിലകൊണ്ട ശാസ്താവ് വൈകുന്നേരം 4 മണിയോടെ ആറാട്ടുപുഴയിൽ മടങ്ങിയെത്തുന്നു. അന്നത്തെ മുഴുവൻ പൂജയും ശ്രീഭൂതബലിയും തുടർന്നു നടക്കുന്നു. ഈ സമയം ജനങ്ങൾ ഭക്തിലഹരിയിൽ മുഴുകി ശാസ്താവിന്റെ വരവുംകാത്ത് ക്ഷേത്രാങ്കണത്തിൽ നിലയുറപ്പിച്ചിട്ടുണ്ടാവും. ഭൂമിയിലെ ഏറ്റവും വലിയ ദേവമേളക്ക് ആതിഥ്യമരുളിക്കൊണ്ട് 15 ഗജവീരന്മാരുടെ അകമ്പടിയോടെ സർവ്വാഭരണവിഭൂഷിതനായി ശാസ്താവ് പുറത്തേക്കെഴുന്നെള്ളുന്നു.

250ൽപ്പരം കലാകാരന്മാർ പഞ്ചാരിമേളത്തിന്റെ താളപ്രപഞ്ചം തീർക്കുന്നു. മഹാസാഗരത്തെ പോലെ അലയടിക്കുന്ന ഭക്തവൃന്ദം ഭക്തിയുടെ നിർവൃതിയിൽ ലയിച്ചുകഴിഞ്ഞു. ഭൂമി ദേവലോകമായി മാറുകയാണ്. താളമേളധ്വനിയുടെ സ്വർഗ്ഗീയാനുഭൂതി പങ്കിട്ടുകൊണ്ട് ആസ്വാദകർ ആർത്തിരമ്പുന്നു. തങ്ങളുടെ ഇഷ്ടദേവനുമായി ഭക്തവൃന്ദം താദാത്മ്യം പ്രാപിച്ചു നിൽക്കുന്ന രംഗം ചേതോഹരമാണ്. അഞ്ച് മേളഗുണങ്ങളും സമ്മേളിക്കുന്ന പഞ്ചാരിമേളം കൊട്ടിക്കലാശിച്ചാൽ മാനത്ത് നക്ഷത്രങ്ങൾ തിളങ്ങി നിൽക്കവെ ഭൂമിയിൽനിന്നും കരിമരുന്നിന്റെ നക്ഷത്രങ്ങൾ മേൽപോട്ടുയരുന്നു.

എഴുന്നെള്ളിനിൽക്കുന്ന ഗജവീരന്മാരുടെ അകമ്പടിയോടെ കൈപ്പന്തങ്ങളുടെ ജ്വലനശോഭയിൽ ശാസ്താവ് ആകാംക്ഷയോടെ ഏഴുകണ്ടം വരെ പോകുന്നു. തൃപ്രയാർ തേവർ കൈതവളപ്പിൽ എത്തിയിട്ടുണ്ടോ എന്നറിയാൻവേണ്ടി ശാസ്താവ് ഏഴുകണ്ടം വരെ പോകുന്നതത്രേ. മടക്കയാത്രയിൽ ശാസ്താവ് നിലപാടുതറയിൽ എല്ലാ ദേവീദേവന്മാർക്കും ആതിഥ്യമരുളിക്കൊണ്ട് നിലകൊള്ളുന്നു. ചാത്തക്കുടം ശാസ്താവിന്റെ പൂരത്തിനു ശേഷം എടക്കുന്നി ഭഗവതിയുടെ സാന്നിദ്ധ്യത്തിൽ ചാത്തക്കുടം ശാസ്താവിന് നിലപാടു നിൽക്കാനുള്ള ഉത്തരവാദിത്വമേൽപിച്ച് ആറാട്ടുപുഴ ശാസ്താവ് തിരികെ ക്ഷേത്രത്തിലേക്കു പോകുന്നു.



# ദേവസംഗമം

**1200 മീനം 26 [2025 ഏപ്രിൽ 9] ബുധനാഴ്ച**

ആറാട്ടുപുഴ ശാസ്താവ് നിലപാടുതറയിലെത്തിയാൽ ദേവീ ദേവന്മാരുടെ പൂരങ്ങൾ സമാരംഭിക്കും. തേവർ കൈതവളപ്പിൽ എത്തുന്നതുവരെ ഈ എഴുന്നെള്ളിപ്പുകൾ അനുസ്യൂതം തുടരുന്നു. തെക്കുനിന്ന് കയറ്റം, വടക്കുനിന്ന് ഇറക്കം, പടിഞ്ഞാറുനിന്ന് വരവ് ഇങ്ങനെയാണ് എഴുന്നെള്ളിപ്പിന്റെ ക്രമം.





**കയറ്റം** : 11 മണിയോടെ തൊട്ടിപ്പാൾ ഭഗവതിക്കൊപ്പം ചാത്തക്കുടം ശാസ്താവിന്റെ എഴുന്നെള്ളിപ്പ് ആദ്യം നടക്കുന്നു. ഇവിടെ ഏഴാനകളും പഞ്ചാരിമേളവും എഴുന്നെള്ളിപ്പിന് മോടികൂട്ടുന്നു. ഒരു മണിയോടെ പൂനിലാർക്കാവ്, കടുപ്പശ്ശേരി, ചാലക്കുടി പിഷാരിക്കൽ ഭഗവതിമാർ അഞ്ചാനകളുടേയും പഞ്ചാരിമേളത്തിന്റേയും അകമ്പടിയോടെയാണ് എഴുന്നെള്ളി വരുന്നത്.





**ഇറക്കം** : 12 മണിയോടെ എടക്കുന്നി ഭഗവതിയുടെ പൂരം തുടങ്ങുന്നു. അഞ്ചാനകളും പഞ്ചാരിമേളവും അകമ്പടി സേവിക്കും. ഒരു മണിയോടെ അന്തിക്കാട്, ചൂരക്കോട് ഭഗവതിമാർ ആറാനകളുടേയും പഞ്ചാരിമേളത്തിന്റേയും അകമ്പടിയോടെ എഴുന്നെള്ളിവരുന്നു.





**പടിഞ്ഞാറുനിന്നുള്ള വരവ്** : 11 മണിയോടെ ആരംഭിക്കുന്ന നെട്ടിശ്ശേരി ശാസ്താവിന്റെ എഴുന്നെള്ളിപ്പിന് 5 ഗജവീരന്മാരും പാണ്ടിമേളവും മാറ്റുകൂട്ടുന്നു.

ചാത്തക്കുടം ശാസ്താവും, ആറാട്ടുപുഴ ശാസ്താവും എടക്കുന്നി ഭഗവതിയും





# കൂട്ടിയെഴുന്നള്ളിപ്പ്

## 1200 മീനം 27 [2025 ഏപ്രിൽ 10] വ്യാഴാഴ്ച

ചോതി നക്ഷത്രം ഉച്ചസ്ഥായിയിലെത്തുമ്പോൾ ദേവന്മാർക്ക് നേതൃനായകത്വം വഹിക്കുന്ന തൃപ്രയാർ തേവർ കൈതവളപ്പിൽ എത്തുന്നു. പല്ലിശ്ശേരി സെന്റർ മുതൽ കൈതവളപ്പുവരെ 11 ആനകളും പഞ്ചവാദ്യവും തേവരെ അനുഗമിക്കുന്നു. തുടർന്ന് 21 ആനകളോടെയുള്ള പാണ്ടിമേളം. പാണ്ടിമേളം അവസാനിക്കുന്നതോടെ ഇടതുഭാഗത്ത് ചാത്തക്കുടം ശാസ്താവിനോടൊപ്പം ഊരകത്തമ്മതിരുവടിയും വലതു ഭാഗത്ത് ചേർപ്പ് ഭഗവതിയും അണിനിരക്കുന്നു. ഇപ്പോൾ ദേവസംഗമത്തിൽ 70ൽപ്പരം ആനകളുണ്ടായിരിക്കും. മഹാദിവ്യനായ വില്വമംഗലം സ്വാമിയാർ ഒരു സായംസന്ധ്യയിൽ വടക്കുംനാഥ ക്ഷേത്രത്തിൽ ദർശനത്തിനു ചെന്നു. ആറാട്ടുപുഴ പൂരം നടക്കുന്ന ദിവസമായിരുന്നു അന്ന്. പതിവില്ലാതെ വടക്കുംനാഥന്റെ നട അടഞ്ഞു കിടക്കുന്നതാണ് സ്വാമിയാർ കണ്ടത്. കാരണം തിരക്കിയ സ്വാമിയാരുടെ മുൻപിൽ അത്ഭുതമെന്നു പറയട്ടെ സാക്ഷാൽ വടക്കുംനാഥൻ തന്നെ പ്രത്യക്ഷനായി. വില്വമംഗലം സ്വാമിയാർ ഭക്തിപാരവശ്യനായി വടക്കുംനാഥന്റെ ചേവടികളിൽ സാഷ്ടാംഗം നമസ്കരിച്ചു.





# മന്ദാരം കടവിലെ ആറാട്ട്

## 1200 മീനം 27 [2025 ഏപ്രിൽ 10] വ്യാഴാഴ്ച

മന്ദാരക്കടവിൽ ഗംഗാദേവിയുടെ സാന്നിദ്ധ്യമുണ്ട്. ഗംഗാസ്നാനം പാപങ്ങളെ നശിപ്പിക്കുന്നതുപോലെ മന്ദാര കടവിൽ പൂരത്തിനുശേഷം കുളിച്ചാൽ മോക്ഷം ലഭിക്കുമെന്ന് പൂർവ്വികർ പറയുന്നു. തേവർ കൈതവളപ്പിലെത്തിയാൽ ആറാട്ടാരംഭിക്കുന്നു. വിഷഹാരിണിയായ പിഷാരിക്കൽ ഭഗവതിയാണ് ആദ്യം ആറാടുന്നത്. അനന്തരം മറ്റു ദേവിമാരും ആറാട്ടിനായെത്തുന്നു. കൂട്ടിയെഴുന്നെള്ളിപ്പിനുശേഷം വിളക്കാചാരം, കേളി, പറ്റ് എന്നിവ കഴിഞ്ഞാൽ തേവരും ഊരകത്തമ്മ തിരുവടിയും ചേർപ്പ് ഭഗവതിയും ആറാട്ടിനായെഴുന്നെള്ളുന്നു. ഇത്രയധികം ദേവീദേവന്മാർ പങ്കാളികളാവുന്ന ശ്രേഷ്ഠമായ ആറാട്ടിൽ പങ്കെടുത്ത് സായുജ്യമടയുന്ന പതിനായിരങ്ങൾ മന്ദാരക്കടവിന് മാത്രം സ്വന്തം. ആറാട്ടിന് ശേഷം ഊരകത്തമ്മത്തിരുവടിയും തേവരും ഒരുമിച്ച് ശാസ്താസന്നിധിയിലേക്ക് ശംഖൊലിയോടെ സാവധാനം നടകൊള്ളുന്നു. വലയാധിശ്വരി എന്ന അപരനാമധേയമുള്ള ഊരകത്തമ്മയാണ് ആറാട്ടുപുഴ ക്ഷേത്രം ആദ്യം വലം വെയ്ക്കുന്നത്.



# ആചാരം

## 1200 മീനം 27 [2025 ഏപ്രിൽ 10] വ്യാഴാഴ്ച

കൂട്ടിയെഴുന്നെള്ളിപ്പ് കഴിഞ്ഞ് തൃപ്രയാർ തേവർ ആറാട്ടിനായി മന്ദാരംകടവിലേക്ക് പുറപ്പെട്ടാൽ ആറാട്ടുപുഴ ശാസ്താവ് പുറത്തേക്ക് എഴുന്നെള്ളുകയായി. ക്ഷേത്രം പ്രദക്ഷിണം കഴിഞ്ഞ് യാത്രയാവാൻ തയ്യാറായി നിൽക്കുന്ന ദേവീദേവന്മാർക്ക് 'ആചാരം' ചൊല്ലുന്ന ചടങ്ങാണ് പിന്നീട് നടക്കുന്നത്. ചേർപ്പ് ഭഗവതിക്കും പിന്നീട് ഊരകത്തമ്മ തിരുവടിക്കും ഏറ്റവും ഒടുവിൽ മുഖ്യാതിഥിയായ തൃപ്രയാർ തേവർക്കും ഏഴുകണ്ടം വരെ അകമ്പടി പോകുന്നു.



# പൂരവിളംബരം

**1200 മീനം 27 [2025 ഏപ്രിൽ 10] വ്യാഴാഴ്ച**

മുപ്പത്തിമുക്കോടി ദേവകളേയും ആയിരക്കണക്കിന് ഭക്തരേയും സാക്ഷിനിർത്തി ആറാട്ടുപുഴ ശാസ്താവിന്റെ പ്രതിനിധി അടുത്ത കൊല്ലത്തെ പൂരത്തിന്റെ തിയ്യതി പ്രഖ്യാപിക്കുന്ന സുപ്രധാനമായ ചടങ്ങാണിത്. പൂരത്തിന് നെടുനായകത്വം വഹിക്കുന്ന തൃപ്രയാർ തേവരോട് ആതിഥേയനായ ആറാട്ടുപുഴ ശാസ്താവിന്റെ ഔപചാരികമായ അറിയിപ്പാണ് ഈ വിളംബരം. ഏഴുകണ്ടം അതിർത്തിയിലാണ് ഇത് നടക്കുന്നത്. ആറാട്ടുപുഴ ക്ഷേത്രത്തിന്റെ ജ്യോതിഷികൻ കണ്ണനാംകുളത്ത് കളരിക്കൽ ശ്രീ. ജൻജിത്ത് പണിക്കരാണ് വർഷങ്ങളായി പൂരത്തീയതി ഗണിക്കുന്നത്. രാജകീയ കിരീടത്തിന്റെ സൂചകമായ മകുടം ഒഴിവാക്കിയാണ് തേവർ മടങ്ങുന്നത്. അടുത്ത വർഷത്തെ മീനപ്പൂരത്തിന്റെ പ്രതീക്ഷയുമായി ഈറനണിഞ്ഞ നയനങ്ങളോടെ ഭക്തർ ശാസ്താവിന്റെ കൂടെ ക്ഷേത്രത്തിലേക്ക് തിരികെ നടക്കുന്നു.

# ഗ്രാമബലി

**1200 മീനം 27 [2025 ഏപ്രിൽ 10] വ്യാഴാഴ്ച**

ഗ്രാമരക്ഷയാണ് ഗ്രാമബലികൊണ്ട് അർത്ഥമാക്കുന്നത്. ശാസ്താവ് നാട്ടിൻപുറത്തെ എല്ലാ പാതകളിലൂടെയും സഞ്ചരിച്ച് ജനങ്ങളിൽ അനുഗ്രഹ വർഷം ചൊരിയുന്നു. ശാസ്താവിന്റെ സാന്നിദ്ധ്യം ഒന്നുകൊണ്ടുമാത്രം ശാന്തിയുടേയും സമാധാനത്തിന്റേയും വിളനിലമായി നിലകൊള്ളുന്ന ഗ്രാമമാണ് ആറാട്ടുപുഴ. അത്താഴപ്പൂജക്കും ശ്രീഭൂതബലിക്കും ശേഷം ക്ഷേത്ര പാലകന് തുറന്നതിനുശേഷം ഒമ്പത് മണിക്ക് വലിയ പാണി കൊട്ടി ഗ്രാമബലിക്കായി ശാസ്താവിനെ എഴുന്നെള്ളിക്കുന്നു. പൂരാവേശം കെട്ടടങ്ങി ഗ്രാമം ഉറക്കത്തിലാഴുമ്പോഴും തേവർ റോഡിലൂടെ എഴുന്നെള്ളിവരുന്ന ശാസ്താവിനെ വരവേൽക്കാൻ ഇരുവശങ്ങളിലും പുരസ്മരണകൾ മായാത്ത മനസ്സോടെ നിറപറയും നിലവിളക്കുമായി ഭക്തവൃന്ദം കാത്തു നിൽക്കുന്നുണ്ടാവും. ജലാശയം, ക്ഷേത്രം, നാൽവഴിക്കൂട്ട്, പെരുവഴി, ഉത്തമവൃക്ഷം, ഗ്രാമത്തിന്റെ നാലതിർത്തികൾ എന്നിവിടങ്ങളിലെല്ലാം തന്ത്രി ബലിതൂവണം. ആറാട്ടുപുഴയിൽ നിന്ന് യാത്ര തുടങ്ങി വിസ്താരമായ പാടത്തുകൂടി കൊറ്റംകുളം, മൈമ്പിള്ളി, ഊരകം, കിടായിക്കുളങ്ങര, അയിനിക്കാട്, മുത്തുള്ളിയാൽ, ചേർപ്പ്, തായംകുളങ്ങര, മേക്കാവ്, പെരുവനം, തിരുവുള്ളക്കാവ്, വല്ലച്ചിറ, പിടിക്കപ്പറമ്പ്, ചാത്തക്കുടം, ചിറ്റാരിക്കൽ, നുളങ്ങ് എന്നിവിടങ്ങളിലെ ക്ഷേത്രങ്ങളിൽ ബലിതൂവിക്കൊണ്ട് തിരികെ ആറാട്ടുപുഴയിലെത്തി ക്ഷേത്രപാലകന് ബലിതൂവി ഗ്രാമബലി അവസാനിപ്പിക്കുന്നു. കൊടിക്കുത്തോടു കൂടി പൂരാഘോഷച്ചടങ്ങുകൾക്ക് തിരശ്ശീല വീഴുന്നു.





# ആറാട്ടുപുഴ ക്ഷേത്രത്തിലെ പ്രധാന വിശേഷങ്ങൾ

| | |
|---|---|
| പ്രതിഷ്ഠാദിനം | 1200 മിഥുനം 13 [2025 ജൂൺ 27] |
| ഇല്ലംനിറ | 1200 കർക്കടകം 11 [2025 ജൂലായ് 27] |
| മഹാഗണപതി ഹോമം | 1200 കർക്കടകം 30 [2025 ആഗസ്റ്റ് 15] |
| തൃപ്പുത്തരി | 1201 ചിങ്ങം 19 [2025 സെപ്തംബർ 4] |
| നവരാത്രി | 1201 കന്നി 6 മുതൽ 16 [2025 സെപ്തംബർ 22 ഒക്ടോബർ 2] വരെ |
| ദേശവിളക്ക് | 1201 വൃശ്ചികം 6 [2025 നവംബർ 22] |





## കൊച്ചിൻ ദേവസ്വം ബോർഡ്

| | |
|---|---|
| മെമ്പർ | ശ്രീ. എം.ബി. മുരളീധരൻ |
| മെമ്പർ | ശ്രീ. പ്രേംരാജ് ചൂണ്ടലാത്ത് |
| കമ്മീഷണർ | ശ്രീ. എസ്.ആർ. ഉദയകുമാർ |
| സെക്രട്ടറി | ശ്രീമതി പി. ബിന്ദു |
| ഡെപ്യൂട്ടി കമ്മീഷണർ | ശ്രീ. കെ. സുനിൽകർത്താ |
| അസി. കമ്മീഷണർ (തിരുവഞ്ചിക്കുളം ഗ്രൂപ്പ്) | ശ്രീമതി എം.ആർ. മിനി |
| ദേവസ്വം ഓഫീസർ | ശ്രീ. യു. അനിൽകുമാർ |

## ആറാട്ടുപുഴ ഉത്സവാഘോഷ കമ്മിറ്റി

രവി ചക്കോത്ത് – പ്രസിഡന്റ്
പവിദാസ് പി.ആർ. – വൈ. പ്രസിഡന്റ്
രഘുനന്ദനൻ കെ. – സെക്രട്ടറി
മധു മംഗലത്ത് – ജോ. സെക്രട്ടറി
അനിൽകുമാർ യു. – ട്രഷറർ (ദേവസ്വം ഓഫീസർ)
വേണുഗോപാലൻ കെ.കെ. – ഓഡിറ്റർ
അഡ്വ. സുജേഷ് കെ. – മെമ്പർ
സുരേന്ദ്രൻ വി. – മെമ്പർ
മണികണ്ഠൻ പി.സി. – മെമ്പർ
രാധാകൃഷ്ണൻ വി.കെ. – മെമ്പർ
മനോജ് എം. – മെമ്പർ
ലത കെ. – മെമ്പർ
സുരേന്ദ്രൻ വി.എൻ. – മെമ്പർ
രാജേഷ് വി. – മെമ്പർ
മധു കെ.ബി. – മെമ്പർ
പത്മനാഭൻ നമ്പൂതിരി – (എക്സ് ഓഫീഷ്യോ അംഗം)

## സബ്കമ്മിറ്റി

| | |
|---|---|
| സുരക്ഷാ ക്രമീകരണം | – സുധീഷ് കെ.എസ്., അജിത് കുമാർ, രാജീവ് വേട്ടനാട് |
| ദീപാലങ്കാരം | – ഉണ്ണികൃഷ്ണൻ എ.ജി., രഞ്ജിത്ത് എം. |
| വെടിക്കെട്ട് | – ശ്രീനിവാസൻ, കൃഷ്ണപ്രസാദ് |
| പിരിവ് | – പ്രദീപ് നീലാംബരി, മാധവൻ കെ., രാമചന്ദ്രൻ വി.കെ., വേണുഗോപാലൻ കെ.എൻ. ഹരിദാസ് പി. |
| അന്നദാനം | – ടി. മധു, എ.സി. ബാബു |
| ശാസ്താവിനെ അനുഗമിക്കൽ | – രാജൻ വി.ബി, ഹരികൃഷ്ണൻ വാര്യർ |
| കട്ടിൽ | – രഘു എം., ആനന്ദ് പി.യു. |
| ഓഫീസ് നിർവ്വഹണം | – മുരളീധരൻ കെ., ഹരിനാരായണൻ കെ. |
| കുടിവെള്ളം | – പ്രകാശൻ എം., സജീവ് കെ. |
| ചമയം | – രാമചന്ദ്രൻ കെ.കെ., ഗൗതമൻ, വൈശാഖ് |
| ആന വിചാരിപ്പ് | – രോഹിത്ത്, ശ്രീജിത്ത് |
| ചുറ്റുവിളക്ക് | – എ.എം. ഗോപി, എ.ജി. രാമചന്ദ്രൻ, എ.ജി. ഗോപി, വി.എസ്. രാജൻ |
| പബ്ലിസിറ്റി | – പി. മനോജ്, നിധേഷ് വി. |

## പ്രധാന വഴിപാടുകൾ

| | |
|---|---|
| 101 നീരാഞ്ജന ദീപം | തിരുമുഖം ചാർത്ത് |
| 151 നീരാഞ്ജന ദീപം | എണ്ണയാട്ടം |
| 251 നീരാഞ്ജന ദീപം | ശനീശ്വരപൂജ |
| 501 നീരാഞ്ജന ദീപം | ഈശ്വര സേവ |
| ചുറ്റുവിളക്ക് | തൃകാല പൂജ |
| ചുറ്റുവിളക്ക് നിറമാല | അട 1 കൂട്ട് |
| (അകത്ത്) | അട 1/2 കൂട്ട് |
| ശ്രീകോവിൽ | അട 1/4 കൂട്ട് |
| നെയ്യ് വിളക്ക് | തിരുട്ട് |
| ഉദയാസ്തമനപൂജ | കടുമധുരപായസം |
| ഒരു ദിവസത്തെ പൂജ | പാൽപായസം |
| വിശേഷാൽ ദിവസപൂജ | തൃമധുരം |
| വിശേഷാൽ ദിവസപൂജ | നിറമാല A |
| നെയ്യഭിഷേകം | നിറമാല B |
| ചന്ദനം ചാർത്ത് | നിറമാല C |

വഴിപാടുകൾ മുൻകൂട്ടി ബുക്ക് ചെയ്യുന്നതിന് ദേവസ്വം വഴിപാട് കൗണ്ടറുമായി ബന്ധപ്പെടുക

## പറ വഴിപാടുകൾ

| | |
|---|---|
| നെല്ല് | 200.00 |
| അരി | 320.00 |
| എള്ള് | 320.00 |
| അവിൽ | 220.00 |
| ശർക്കര | 380.00 |
| പഞ്ചസാര | 380.00 |
| പൂവ് | 80.00 |
| മലർ | 140.00 |

# വൈകുണ്ഠദർശനം



"ഇന്ന് പ്രസിദ്ധമായ ആറാട്ടുപുഴപൂരമാണ് എനിക്ക് ആ ആഘോഷം കാണേണ്ടതിനായി പോകേണ്ടതുണ്ട്. നമുക്ക് ആറാട്ടുപുഴയിൽവെച്ച് സംഗമിക്കാം". ഇപ്രകാരം അരുളിചെയ്ത് പരമശിവൻ അപ്രത്യക്ഷനായി. അതെ, സാക്ഷാൽ മഹാദേവൻ പോലും സാക്ഷിയാകുന്ന ഈ ലോകോത്സവം കാണാൻ സ്വാമിയാരും ആറാട്ടുപുഴയിലെത്തി. പൂരം കാണാൻ വന്ന സ്വാമിയാർ കൗതുകത്തോടെ ഇന്നു കാണുന്ന വില്ലുന്നിത്തറയുടെ സ്ഥാനത്ത് ഇരിപ്പുറപ്പിച്ചു. കേരളത്തിലെ അനേകം ക്ഷേത്രപ്രതിഷ്ഠകൾ നടത്തിയിട്ടുള്ള വില്വമംഗലത്തിന് പൂരക്കാഴ്ചകളിൽ പുതുമയൊന്നും തോന്നിയില്ല. തന്റെ ദിവ്യനേത്രങ്ങൾകൊണ്ട് കൂട്ടിയെഴുന്നള്ളിപ്പിൽ വൈകുണ്ഠത്തിലെ മഹാവിഷ്ണുവിനെയാണ് സ്വാമിയാർ ദർശിച്ചത്. ശ്രീപത്മനാഭനെ പ്രതിഷ്ഠിച്ച 'കൃഷ്ണലീലാശുകൻ' എന്ന് മറ്റൊരു പേരുള്ള വില്വമംഗലം ഈ വൈകുണ്ഠദർശനം കണ്ട് ആനന്ദാധിക്യത്താൽ മതിമറന്ന് ഇരുന്നയിരിപ്പിൽ ഇരുകൈകളുംകൊണ്ട് മണ്ണ് വാരി ശിരസ്സിലിട്ടു. ആറാട്ടുപുഴ വളരെ പരിപാവനമായ ഭൂമിയാണെന്നും കൂട്ടിയെഴുന്നള്ളിപ്പു സമയത്ത് ശ്രീ-ഭൂമിദേവീസമേതനായ തേവരെ വലംവെച്ച് കുമ്പിട്ടു കൈ കൂപ്പുന്നത് മോക്ഷദായകമാണെന്നും സ്വാമിയാർ പ്രവചിച്ചു. ഈ പ്രവചനം ശരിയാണെന്ന് കാലം തെളിയിച്ചുകൊണ്ടിരിക്കുന്നു.








## മേളപ്രമാണം

പെരുവനം പൂരം, തറയ്ക്കൽ പൂരം : പത്മശ്രീ. പെരുവനം കുട്ടൻ മാരാർ
തിരുവാതിരവിളക്ക്, ആറാട്ടുപുഴ പൂരം : മേളകലാനിധി ശ്രീ. പെരുവനം സതീശൻമാരാർ

**ഉരുട്ടു ചെണ്ട** : സർവ്വശ്രീ. പഴുവിൽ രഘുമാരാർ, ചേറൂർ രാജപ്പൻ മാരാർ, ചൊവ്വല്ലൂർ മോഹനൻ, ചൊവ്വല്ലൂർ സുനിൽ, പെരുവനം ഗോപകുമാർ, മായന്നൂർ സുരേഷ്, പെരുവനം അനിൽകുമാർ, മുതൽപേർ.

**വീക്കം ചെണ്ട** : സർവ്വശ്രീ. പെരുവനം ഗോപാലകൃഷ്ണൻ, ചെറുശ്ശേരി ദാസൻ മാരാർ, എടക്കളത്തൂർ അജി, കിഴക്കഞ്ചേരി രാധാകൃഷ്ണൻ, അന്തിക്കാട് പത്മനാഭൻ, പെരുവനം പ്രകാശ പിഷാരടി, പെരുവനം നാരായണൻകുട്ടി, പെരുവനം ഉണ്ണി, പെരുവനം അജിത്ത് മുതൽപേർ

**കുഴൽ** : സർവ്വശ്രീ. വെളപ്പായ നന്ദനൻ, കുറ്റുമുക്ക് ശിവൻ, കൊമ്പത്ത് ചന്ദ്രൻ, പട്ടിക്കാട് അജി, പട്ടിക്കാട് ഗോപൻ, കല്ലൂർ കൃഷ്ണകുമാർ, എടക്കുന്നി ലിമേഷ്, ഊരകം അരുൺ മുതൽപേർ

**കൊമ്പ്** : സർവ്വശ്രീ. കുമ്മത്ത് രാമൻകുട്ടി നായർ, കിഴക്കുംപാട്ടുകര കുട്ടൻ, ചേർപ്പ് ഉണ്ണികൃഷ്ണൻ, കൊമ്പത്ത് ശശി, കോങ്ങാട് രാധാകൃഷ്ണൻ, തൃക്കൂർ അനിലൻ, കുമ്മത്ത് ഗിരീഷ്, പാല ശ്രീജിത്ത്, തലോർ ശ്രീജിത്ത് മുതൽ പേർ.

**താളം** : സർവ്വശ്രീ. കുമ്മത്ത് നന്ദനൻ, തോന്നൂർക്കര ശിവൻ, പേരാമംഗലം ബാലൻ, പെരുവനം മുരളി, പെരുവനം വേണുഗോപാൽ, ഊരകം വേണു, ഊരകം അനൂപ്, പോഴത്ത് അനിൽ മുതൽപേർ.

**കുറുവേല അടിയന്തിരം** : ശ്രീ. പഴുവിൽ രഘുമാരാർ

**നാഗസ്വരം** : ശ്രീ. ഒരുമനയൂർ ബാലകൃഷ്ണൻ

**കൈവിളക്ക്** : ശ്രീ. എം.എസ്. ഭരതൻ, ഊരകം

**പുഷ്പാലങ്കാരം** : ആർ.എം.ആർ. ഫ്ളവേഴ്സ്, തൃശ്ശൂർ

**ആനച്ചമയം** : ശ്രീ. ശങ്കരൻ നമ്പൂതിരി, മുണ്ടാരപ്പിള്ളിമന, നെടുപുഴ

**പന്തലുകൾ** : ശ്രീ. എം. കൃഷ്ണകുമാർ, ആറാട്ടുപുഴ

**ദീപാലങ്കാരം** :
1. ഗോപുരം, ചിറ & പന്തൽ– ശ്രീ. ജെൻസൻ, സി.ജെ. ലൈറ്റ് & സൗണ്ട്, പാവറട്ടി, തൃശ്ശൂർ
2. തേവർ പന്തൽ – ശ്രീ. ഗോപാലകൃഷ്ണൻ, ക്ലാസിക്ക് സൗണ്ട്, തിരൂർ

**കരിമരുന്ന് പ്രയോഗം** : (നിയമവിധേയമായി)

## അണിയറയിൽ

| | | | |
|---|---|---|---|
| സ്വർണ്ണംമുക്കൽ | : ശ്രീ. കെ.എ. ജോസ്, ചേർപ്പ് | ചാമരം, ആലവട്ടം | : ശ്രീ. രാംകുമാർ കുറ്റുമുക്ക് |
| തുന്നൽ | : ശ്രീ. വി.എൻ. പുരുഷോത്തമൻ, തൃശ്ശൂർ | പ്ലെയ്റ്റിംഗ് | : ശ്രീ. രാജൻ, ഗോൾഡി, പെരിങ്ങാവ്, തൃശ്ശൂർ |
| കുടകൾ | : ശ്രീ. സമിതേഷ് ശശി, പെരുമ്പിള്ളിശ്ശേരി | പാചകം | : ശ്രീ. രമേഷ്, തെക്കേമഠം, പല്ലിശ്ശേരി |





## സന്തോഷ് സ്മൃതി പുരസ്കാരം
## ശ്രീ. കെ. ഡബ്ല്യു. അച്യുതവാരിയർക്ക്

ആറാട്ടുപുഴ ഉത്സവാഘോഷ കമ്മറ്റിയുടെ മൂന്നാമത് സന്തോഷ്സ്മൃതി പുരസ്കാരത്തിന് ചേർപ്പ് ഭഗവതി ക്ഷേത്രത്തിലെ പാരമ്പര്യ  കഴകവൃത്തിക്കാരൻ കെ. ഡബ്ല്യു. അച്യുതവാരിയർ  അർഹനായി. അറുപത് വർഷമായി ചേർപ്പ് ഭഗവതി ക്ഷേത്രത്തിൽ നടത്തി വരുന്ന സേവനമാണ് ഇദ്ദേഹത്തെ പുരസ്കാരത്തിനർഹനാക്കിയത്. 15001 രൂപയുടെ ക്യാഷ് അവാർഡും കീർത്തിമുദ്രയും പ്രശസ്തിപത്രവും പൊന്നാടയും അടങ്ങുന്നതാണ് ഈ പുരസ്കാരം.


ആറാട്ടുപുഴ പൂരവുമായി ബന്ധപ്പെട്ട ക്ഷേത്രങ്ങളിലേയും അനുബന്ധ ക്ഷേത്രങ്ങളിലേയും സാമ്പന്ധി അടിയന്തരക്കാർ, കഴകക്കാർ തുടങ്ങിയവരിൽ മികച്ച സേവനം  നടത്തിവരുന്നവരെ ആദരിക്കുന്നതിനു വേണ്ടി ആറാട്ടുപുഴ ക്ഷേത്ര ഉപദേശക സമിതി ഏർപ്പെടുത്തിയതാണ് ഈ പുരസ്കാരം.  പൂരത്തിന്റെ കൊടിയേറ്റ ദിവസമായ ഏപ്രിൽ 3ന് വൈകുന്നേരം 6 മണിക്ക് ആറാട്ടുപുഴ  ക്ഷേത്രാങ്കണത്തിൽ വെച്ച്  ബഹു. കൊച്ചിൻ ദേവസ്വം ബോർഡ് പ്രസിഡന്റ് പുരസ്കാരം സമർപ്പിക്കും.  ആറാട്ടുപുഴ ക്ഷേത്രത്തിൽ 40 വർഷത്തിലേറെ കാലം  പാരമ്പര്യ കഴകക്കാരനായി സേവനം നടത്തിയ ആറാട്ടുപുഴ വാരിയത്ത് സന്തോഷിന്റെ സ്മരണാർത്ഥമാണ് ഈ പുരസ്കാരം നൽകുന്നത്.

കുട്ടനെല്ലൂർ വാര്യത്ത് ശേഖര വാര്യരുടെയും ചേർപ്പ് കിഴക്കേ വാര്യത്ത് മാധവി വാരസ്യാരുടെയും ഇളയ മകനായി 1943 ഏപ്രിൽ 5ന് അശ്വതി നക്ഷത്രത്തിൽ ജനനം.  ചേർപ്പ് സി. എൻ .എൻ. ബോയ്സ് ഹൈസ്കൂളിലും തൃശ്ശൂർ സെന്റ് തോമസ് കോളേജിലുമായി വിദ്യാഭ്യാസം പൂർത്തിയാക്കി. മലപ്പുറം ജില്ലയിലെ പുലാമന്തോൾ സർക്കാർ ഹൈസ്കൂളിൽ ഗണിതാദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ചു. തൃശ്ശൂർ ജില്ലയിൽ മണലൂർ സർക്കാർ ഹൈസ്കൂൾ, പെരിങ്ങോട്ടുകര സർക്കാർ ഹൈസ്കൂൾ എന്നിവിടങ്ങളിലെ സേവനത്തിനുശേഷം ചേർപ്പ് സർക്കാർ ഹൈസ്കൂളിലാണ് ദീർഘകാലം സേവനമനുഷ്ഠിച്ചത്. ചേർപ്പ് സർക്കാർ ഹൈസ്കൂളിന് ആദ്യമായി എസ്.എസ്.എൽ.സി ക്ക് 100 ശതമാനം വിജയം നേടിക്കൊടുക്കുന്നതിൽ മുഖ്യപങ്ക് വഹിച്ചിട്ടുണ്ട്. 1990ൽ സംസ്ഥാന അവാർഡും 1997ൽ മികച്ച അദ്ധ്യാപകനുള്ള ദേശീയ അവാർഡും ലഭിച്ചിട്ടുണ്ട്.

അദ്ധ്യാപകവൃത്തിയിൽ വ്യാപൃതനായിരിക്കുമ്പോഴും പരമ്പര്യമായി ലഭിച്ച ചേർപ്പ് ഭഗവതിയുടെ കഴകപ്രവൃത്തിയിലും ഭാര്യയുടെയും മക്കളുടെയും നിർലോഭമായ സഹായസഹകരണത്താൽ സജീവമായിരുന്നു. എത്രകണ്ട് തിരക്കുകൾ ഉണ്ടായിരുന്നാലും പെരുവനം, ആറാട്ടുപുഴ പൂരക്കാലത്ത് ചേർപ്പ് ഭഗവതിയുടെ വിളക്കും പന്തവും പിടിക്കാൻ സ്ഥിരസാന്നിധ്യമാണ്. നല്ലൊരു കർഷകൻ കൂടിയാണ് ഇദ്ദേഹം.

തന്റെ ഉപാസനാമൂർത്തിയായ ചേർപ്പ് ഭഗവതിക്ക് മാല കെട്ടിക്കൊടുക്കുന്നത് ഒരു ദിനചര്യയായി ഈ 82–ാം വയസ്സിലും തുടരുന്നു. മുളങ്ങിൽ വാര്യത്ത് ദേവി വാരസ്യാരാണ് ഭാര്യ. ഗീത, സുധ, ശ്രീദേവി, ധന്യ എന്നിവരാണ് മക്കൾ.

**പുരസ്കാരത്തിന്റെ മുഴുവൻ ചെലവും വഹിക്കുന്നത്**
**ആറാട്ടുപുഴ വാരിയത്ത് സന്തോഷിന്റെ കുടുംബാംഗങ്ങളാണ്.**







# ആറാട്ടുപുഴ ശ്രീശാസ്താ പുരസ്കാരം
## ശ്രീ. കുമ്മത്ത് നന്ദനന്

ആറാട്ടുപുഴ ശ്രീശാസ്താ പുരസ്കാരം ആറാട്ടുപുഴ പൂരത്തിന്റെ ഇലത്താള പ്രമാണി കുമ്മത്ത് നന്ദനന് സമർപ്പിക്കും. തങ്കപ്പതക്കവും കീർത്തിമുദ്രയും പ്രശസ്തിപത്രവും ഉൾപ്പെടുന്നതാണ് പുരസ്കാരം . നാല്പത്തി ഒമ്പത് വർഷമായി ആറാട്ടുപുഴ പൂരത്തിന്റെ മേളത്തിൽ പങ്കാളിയായി നടത്തിയ മികച്ച സേവനമാണ് ഇദ്ദേഹത്തെ പുരസ്ക്കാരത്തിന് അർഹനാക്കിയത്. പൂരത്തിന്റെ കൊടിയേറ്റ ദിവസമായ ഏപ്രിൽ 3ന് വൈകുന്നേരം 6 ന് ആറാട്ടുപുഴ ക്ഷേത്രാങ്കണത്തിൽ വെച്ച് കൊച്ചിൻ ദേവസ്വം ബോർഡ് പ്രസിഡന്റ് പുരസ്കാരം സമർപ്പിക്കും.ആറാട്ടുപുഴ ക്ഷേത്രത്തിനും പൂരത്തിനും മികച്ച സേവനം നടത്തി വരുന്ന പ്രഗത്ഭരെ ആദരിക്കുന്നതിനു വേണ്ടി ആറാട്ടുപുഴ ക്ഷേത്ര ഉപദേശക സമിതി ഏർപ്പെടുത്തിയതാണ് ഈ പുരസ്ക്കാരം.

ചേർപ്പ് ഭഗവതി ക്ഷേത്രത്തിന് സമീപം പൈപ്പോത്ത് നാരായണൻ നായരുടെയും കുമ്മത്ത് കൊച്ചമ്മണി അമ്മയുടെയും രണ്ടാമത്തെ മകനായി 1956 ജനുവരി 28ന് ജനനം. അമ്മാവനും ഗുരുനാഥനുമായ പ്രശസ്ത വാദ്യകലാകാരൻ കുമ്മത്ത് അപ്പു നായരിൽ നിന്നും ഇലത്താളം, ചെണ്ട, പാന എന്നിവ അഭ്യസിച്ചു. 1973 ൽ ചേർപ്പ് ഭഗവതി ക്ഷേത്രത്തിലും തിരുവാണിക്കാവ് ക്ഷേത്രത്തിലും അരങ്ങേറ്റം നടത്തി. തുടർന്ന് ഗുരുവൻ സഹിത ഇലത്താള കലാകാരനായി മേളത്തിലും പഞ്ചവാദ്യത്തിലും പങ്കെടുത്തുവരുന്നു. പാന, പറ എന്നീ അനുഷ്ഠാനകലകളിൽ പ്രധാനിയാണ്. കുറുപ്പത്ത് ഈച്ചര മാരാർ, കാരേക്കാട്ട് ഈച്ചരമാരാർ, പരിയാരത്ത് കുഞ്ഞൻമാരാർ, പെരുവനം അപ്പുമാരാർ, ചക്കംകുളം അപ്പുമാരാർ, തൃപ്പേക്കുളം അച്യുതമാരാർ, കേളത്ത് അരവിന്ദാക്ഷൻ മാരാർ തുടങ്ങി പൂർവ്വ പ്രമാണിമാർക്കൊപ്പം നിരവധി മേളങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. ഇപ്പോഴത്തെ പ്രമാണിമാർക്കൊപ്പം മേളത്തിലും പഞ്ചവാദ്യത്തിലും ഇലത്താള പ്രമാണി ആണ് കുമ്മത്ത് നന്ദനൻ.

തൃപ്പൂണിത്തുറ ഉത്സവം, എറണാകുളം ഉത്സവം, ഇരിങ്ങാലക്കുട ഉത്സവം, ചിനക്കത്തൂർ പൂരം, കുട്ടനെല്ലൂർ പൂരം, നെന്മാറ വേല, എടക്കുന്നി ഉത്രം വിളക്ക്, തൃപ്രയാർ പൂരം പുറപ്പാട് തുടങ്ങി കേരളത്തിലെ പ്രശസ്തമായ എല്ലാ പൂരങ്ങൾക്കും വേലകൾക്കും ഉത്സവങ്ങൾക്കും മേളത്തിലും പഞ്ചവാദ്യത്തിലും പങ്കെടുത്ത് വരുന്നു. കേരളത്തിന് പുറത്ത് മദ്രാസ്, മുംബൈ, കൽക്കട്ട എന്നിവിടങ്ങളിലും റഷ്യ, ബഹറിൻ എന്നീ വിദേശ രാജ്യങ്ങളിലും മേളങ്ങളിലും പഞ്ചവാദ്യത്തിലും പങ്കെടുത്തിട്ടുണ്ട്.

തൃശൂർ പാറമേക്കാവ് ക്ഷേത്രം, വടക്കേക്കര ക്ഷേത്രം, നായരങ്ങാട് ക്ഷേത്രം, പയ്യൂർക്കാവ് ഭഗവതി ക്ഷേത്രം, തൃപ്പൂണിത്തുറ പൂർണ്ണത്രയീശ ക്ഷേത്രം തുടങ്ങിയ ക്ഷേത്രങ്ങളിൽ നിന്ന് പുരസ്കാരങ്ങൾ നൽകി ആദരിച്ചിട്ടുണ്ട്. കൂടാതെ പാഴൂർ ശ്രീഭദ്ര പുരസ്കാരം, പഴുവിൽ സ്കന്ദപുരസ്ക്കാരം, കലാസാഗർ അവാർഡ്, ചക്കംകുളം പുരസ്കാരം, പല്ലാവൂർ സ്മൃതി പുരസ്കാരം, വാദ്യകലാ അക്കാദമി പുരസ്കാരം, മാതൃഭൂമി പുരസ്കാരം എന്നിവക്ക് അർഹനായിട്ടുണ്ട്.

തൃശ്ശൂർ ജില്ലയിലെ വല്ലച്ചിറയിലാണ് കുടുംബസമേതം താമസം. പത്നി പെരുമ്പിള്ളിശ്ശേരി പോങ്ങാടത്ത് ശ്യാമള. രശ്മി, കൃഷ്ണപ്രസാദ് എന്നിവർ മക്കളും മനോജ്, അശ്വതി എന്നിവർ മരുമക്കളുമാണ്.

പുരസ്കാരത്തിന്റെ മുഴുവൻ ചെലവും വഹിക്കുന്നത്

**ശ്രീ. കെ. ഹരിനാരായണൻ, S/o ഞാറംപറമ്പത്ത് രാമൻ നായർ, ആറാട്ടുപുഴ**

---

# കുന്നത്ത് രാമചന്ദ്രൻ സ്മാരക ചികിത്സാ സഹായധനം

ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി വർഷംതോറും ആറാട്ടുപുഴ ക്ഷേത്രോപദേശകസമിതി നിർദ്ധനരായ രോഗികൾക്ക്, പ്രത്യേകിച്ചും ആറാട്ടുപുഴ ക്ഷേത്രവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്നവർക്ക് ചികിത്സാസഹായധനം നൽകിവരുന്നുണ്ട്. ആറാട്ടുപുഴ ക്ഷേത്ര ഉപദേശക സമിതിയുടെ ട്രഷററായും, സെക്രട്ടറിയായും ഒട്ടനവധി പുനരുദ്ധാരണ–നവീകരണ–ക്ഷേമ പ്രവർത്തനങ്ങൾക്ക് നേതൃനിരയിൽ നിന്ന് പ്രവർത്തിച്ച കുന്നത്ത് രാമചന്ദ്രേട്ടനോടുള്ള ആദരസൂചകമായാണ് 2018 മുതൽ ഈ സഹായധനം 'കുന്നത്ത് രാമചന്ദ്രൻ സ്മാരക ചികിത്സാ സഹായധനം' എന്ന പേരിൽ വിതരണം ചെയ്യുന്നത്.